"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി വിനിയോഗിക്കാവുന്ന മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം പുനർനിശ്ചയിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.51/2025/LSGD തീയതി,തിരുവനന്തപുരം, 16-03-2025

പരാമർശം:-
1. സ.ഉ.(കൈ)നം.287/2006/ത.സ്വ.ഭ.വ തീയതി 16.12.2006
2. സ.ഉ.(സാധാ)നം.334/2012/ത.സ്വ.ഭ.വ തീയതി 02.02.2012
3. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 14.08.2024-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.3.3
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 05.11.2024-ലെ NREGA/1038/2024-C3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കാവുന്ന തുക പരാമർശം (1), പരാമർശം (2) ഉത്തരവുകൾ പ്രകാരം ആകെ ചെലവിന്റെ 10 ശതമാനമായി നിജപ്പെടുത്തിയിരുന്നു. വ്യക്തിഗത ഉപജീവന ആസ്തി നിർമ്മാണം, നീർത്തടാധിഷ്ഠിത മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, മാലിന്യമുക്തകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ് തുടങ്ങിയവയുടെ നിർമ്മാണം എന്നിവ ഗ്രാമപഞ്ചായത്തുകൾ മുൻഗണന നൽകി ഏറ്റെടുക്കണമെന്ന ലക്ഷ്യത്തോടെ ആണ് സർക്കാർ പ്രസ്തുത നിബന്ധന ഏർപ്പെടുത്തിയത്.

2. മേൽ പറഞ്ഞ നിബന്ധന പുനഃപരിശോധിച്ച് പദ്ധതിയ്ക്ക് കീഴിൽ ആകെയുള്ള മെറ്റീരിയൽ ചെലവിന്റെ 30% തുക വരെ റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നല്കണം എന്നും, ഇപ്രകാരം ചെയ്യുമ്പോൾ മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്കും മുൻഗണന നൽകുന്നതിന്, 30% മെറ്റീരിയൽ ഫണ്ട് റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകൾ നിർബന്ധമായും 10% തുക മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിക്കണം എന്ന് നിബന്ധന വയ്ക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തീരുമാനിക്കുകയും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് മിഷൻ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1), പരാമർശം (2) ഉത്തരവുകളിൽ ഇളവ് നൽകിക്കൊണ്ട്, ഗ്രാമ പഞ്ചായത്ത് തലത്തിൽ

മെറ്റീരിയൽ ഘടകം നാല്പത് ശതമാനത്തിൽ (40%) അധികരിക്കരുത് എന്ന നിബന്ധനയോടെ, മെറ്റീരിയൽ ഘടകത്തിന്റെ പത്ത് ശതമാനം (10%) തുക നിർബന്ധമായും മറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ, മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ ആകെ മെറ്റീരിയൽ ചെലവിന്റെ മുപ്പത് ശതമാനം (30%) വരെ തുക റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 17-03-2025 11:04:59

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്